പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2286 — 19.06.2013-ൽ മറുപടിക്ക്

## മഴക്കാലരോഗങ്ങൾ തടയുന്നതിന് നടപടികൾ

ചോദ്യം — മറുപടി

ശ്രീമതി പി. അയിഷാ പോറ്റി — ശ്രീ. വി.എസ്. ശിവകുമാർ (ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)

| | |
|---|---|
| (എ) മഴക്കാലരോഗങ്ങൾ തടയുന്നതിനായി ഈ വർഷം ആരോഗ്യ വകുപ്പ് കൈക്കൊണ്ട നടപടികൾ വിശദമാക്കുമോ; | (എ) പകർച്ചവ്യാധികൾ പ്രതിരോധിക്കുന്നതിന് ആരോഗ്യ വകുപ്പും പഞ്ചായത്ത്, നഗരകാര്യം, ജലവിഭവം, പൊതുമരാമത്ത്, കൃഷി, മൃഗസംരക്ഷണം, സാമൂഹ്യ സുരക്ഷ, തൊഴിൽ, വിദ്യാഭ്യാസം തുടങ്ങി എല്ലാ വകുപ്പുകളും, പൊതുജനങ്ങളുടെയും, സർക്കാർ ഇതര സ്ഥാപനങ്ങളുടെയും സന്നദ്ധ സംഘടനകളുടെയും സഹകരണത്തോടെ പ്രതിരോധ പ്രവർത്തനങ്ങൾ ഈ വർഷം ജനുവരി മാസം മുതൽ തന്നെ ആരംഭിച്ചു. അതിനുവേണ്ടി സംസ്ഥാന തലത്തിലും ജില്ല, കോർപ്പറേഷൻ, മുൻസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തലങ്ങളിൽ ഇന്റർ സെക്ടറൽ യോഗങ്ങൾ പല തവണ നടത്തുകയും താഴെത്തട്ടിൽ വാർഡ്തല ആരോഗ്യ ശുചിത്വ സമിതികൾ വഴി രോഗ പ്രതിരോധ പ്രവർത്തനങ്ങൾ നടപ്പിലാക്കി. ഇന്റഗ്രേറ്റഡ് ഡിസീസ് സർവൈലൻസ് പ്രോഗ്രാമിലൂടെ രോഗ ബാധയുള്ള സാധ്യതകൾ മുൻകൂട്ടി കണ്ടുപിടിച്ച് നടപടികൾ സ്വീകരിച്ചു. മഴക്കാലപൂർവ്വ ശുചീകരണം, കൊതുകിന്റെ ഉറവിട നശീകരണത്തിന് ഡ്രൈഡേ ആചരണം, ബോധവൽക്കരണം, ജലസ്രോതസ്സുകളുടെ ക്ലോറിനേഷൻ, രോഗ നിരീക്ഷണം തുടങ്ങിയവ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നടപ്പിലാക്കി. |
| (ബി) പകർച്ചപ്പനി മൂലം 2013 മേയ് മാസത്തിലും ജൂൺ ആദ്യ വാരത്തിലും സംസ്ഥാനത്ത് എത്രപേർ മരണപ്പെട്ടിട്ടുണ്ട്; | (ബി) പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) പകർച്ചപ്പനി മൂലം മരണമടഞ്ഞവരുടെ കുടുംബത്തിന് സമാശ്വാസമായി നഷ്ടപരിഹാരം നൽകാൻ നടപടികൾ സ്വീകരിക്കുമോ; | (സി) ഇപ്പോൾ പരിഗണനയിലില്ല. |
| (ഡി) മഴക്കാലരോഗങ്ങളെ പ്രതിരോധിക്കുന്നതിന് സ്വീകരിക്കുന്ന നടപടികൾ ഫല പ്രദമാകാതെ പനിമരണങ്ങൾകൂടുന്ന സാഹചര്യം ഗൗരവമായി കാണുന്നുണ്ടോ ? | (ഡി) മഴക്കാല രോഗങ്ങൾ പ്രതിരോധിക്കാനും, ചികിത്സിക്കാനും നിയന്ത്രിക്കുന്നതിനുമാവശ്യമായ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. ഗവൺമെന്റ് തലത്തിലും ആരോഗ്യ വകുപ്പിന്റെ വിവിധ തലങ്ങളിലും പകർച്ചവ്യാധികളെക്കുറിച്ചുള്ള വിവരങ്ങളും രോഗപ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങളും വിലയിരുത്തി പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാനുള്ള നടപടികൾ എടുക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ